പൌലോ കൊയ്‌ലോയെ വായിച്ചിട്ടുള്ളവർ ഒരിക്കലും മറക്കാത്ത വാചകമുണ്ട്. "നിങ്ങൾ ഒരു കാര്യം നേടണം എന്ന് തീവ്രമായി ആഗ്രഹിച്ചാൽ ഈ ലോകം മുഴുവൻ അത് നേടാൻ നിങ്ങൾക്ക് വേണ്ടി ഗൂഢാലോചന നടത്തും."

നിങ്ങൾ ഒരു കാര്യം തീരുമാനിച്ചിറങ്ങിയാൽ ലോകത്തൊരു ശക്തിക്കും നിങ്ങളെ തടയാൻ കഴിയില്ല എന്നത് ജീവിതവീക്ഷണമായി കൊണ്ടുനടക്കുന്നൊരു കലാകാരൻ.

ടീ ബി യുടെ കോട്ടയം മീറ്റിന് ശേഷം എറണാകുളം ചാപ്റ്ററിന്റെ ഒരു മീറ്റ് വേണമെന്നും അത് എന്നെ ഏൽപ്പിക്കൂ ഞാൻ നടത്തിക്കോളാം എന്ന് പറഞ്ഞ് ആനന്ദ്, രഞ്ജിത്,അരുൺ ത്രയത്തെ സമീപിച്ച് സമ്മതം വാങ്ങി റോസ് മേരിക്കൊപ്പം നിന്ന് തന്റെ സംഘാടന മികവ് തെളിയിച്ചു കാണിക്കുകയും ചെയ്ത ആ പ്രതിഭയാണ് ഇന്നത്തെ ദളം.

സിജു പി രാജ്,
ഇന്ത്യൻ ബാങ്ക്,
കലൂർ ശാഖ.

മസ്കറ്റിലെ വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന പരേതനായ എൻ പുഷ്പരാജന്റെയും കേരളസംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത വി സുജയുടെയും രണ്ടാൺമക്കളിൽ ഇളയ ആൾ. കൊല്ലം നഗരത്തിന്റെ പ്രാന്തപ്രദേശമായ മയ്യനാട് ആണ് സ്വദേശം. കൊല്ലം എസ് എൻ പബ്ലിക് സ്കൂളിൽ നിന്നും പ്ലസ് ടു കഴിഞ്ഞ് കൊല്ലത്ത് തന്നെ യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ നിന്നും ബി ടെക് ബിരുദം.

സ്കൂൾ കാലത്ത് കലാപ്രവർത്തനങ്ങളിൽ ഒന്നും തന്നെ സജീവമായിരുന്നില്ല സിജു.അന്ന് അച്ഛനോട് പറഞ്ഞ ഏക ആഗ്രഹം ഒരു സ്കേറ്റിംഗ് ഷൂ വേണം എന്നതായിരുന്നു. നിർബന്ധം സഹിക്ക വയ്യാതെ അച്ഛൻ അതൊരെണ്ണം വാങ്ങിക്കൊടുത്തു. അന്ന് അത്ര പ്രചാരത്തിൽ ഇല്ലാത്തത് കൊണ്ട് കാര്യമായ പരിശീലനം ലഭ്യമായിരുന്നില്ല. പക്ഷേ ഇച്ഛാശക്തിയും സ്ഥിരോത്സാഹവും ഉണ്ടെങ്കിൽ എന്തും നേടാൻ കഴിയുമെന്ന് കുട്ടിക്കാലത്ത് തന്നെ സിജു സ്വയം പരിശീലനത്തിലൂടെ തെളിയിച്ചു കാണിച്ചു. എന്ന് മാത്രമല്ല, തന്റെ ജ്യേഷ്ഠന്റെ മകൻ പ്രിഥ്വിന് സ്കെയ്റ്റിംഗ്ഗിൽ പരിശീലനം നൽകാനും കഴിഞ്ഞ നാല് വർഷമായി അവനെ കൊല്ലത്തെ സ്വർണമെഡൽ ജേതാവാക്കാനും സിജുവിന് കഴിഞ്ഞു. ജൂനിയർ വിഭാഗത്തിൽ സ്വർണമെഡൽ ജേതാവായ ജ്യേഷ്ഠന്റെ മകൾ പ്രാർത്ഥനക്കും ഈ വിഭാഗത്തിൽ ഗുരു സിജു തന്നെ. തനിക്ക് നേടാൻ

കഴിയാതെ പോയ നേട്ടങ്ങൾ അവരിലൂടെ കൊയ്തെടുക്കാനായത് പറയുമ്പോൾ സിജു വികാരധീനനായി.

എഞ്ചിനീയറിംഗ് കോളേജ് കാലഘട്ടം സംഭവബഹുലമായിരുന്നു. കോളേജ് മാനേജ്മെന്റിന്റെ അനീതികൾ പലതും കുട്ടികൾ കണ്ടില്ല എന്ന് നടിക്കുകയും കണ്ടാൽ തന്നെ പേടിച്ച് പ്രതികരിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയായിരുന്നു അന്ന്. മൂന്നാം വർഷവിദ്യാർത്ഥിയായ സിജു കോളേജിൽ കലാലയ രാഷ്ട്രീയത്തിന്റെ വിത്തിട്ടു. എതിർപ്പുകൾക്കിടയിലൂടെ കോളേജിലെ ആദ്യസമരത്തിന് തിരി കൊളുത്തിയതിന്റെ ബഹുമതി സിജുവിന് സ്വന്തം.

കോളേജ് അധികാരികൾക്കും അധ്യാപകർക്കും മുന്നിൽ സിജു ധിക്കാരിയായി, കൊള്ളരുതാത്തവനായി. ഇന്റേണൽ പരീക്ഷകളിൽ നിന്നും ഒഴിവാക്കപ്പെട്ടു. കോളേജിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ടു. ഇന്റേണൽ മാർക്കുകളുടെ അഭാവത്തിൽ അവസാനവർഷം അടുക്കുമ്പോഴേക്കും ഇരുപതോളം പേപ്പറുകൾ കീറാമുട്ടിയായി കിടന്നു.

വാശിയും സ്ഥിരോത്സാഹവും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയരാൻ സിജുവിന് കൂട്ടായി. അവസാന സെമസ്റ്റർ കഴിയുമ്പോഴേക്കും മുഴുവൻ പേപ്പറുകളും ഒന്നാം ക്ലാസ്സോടെ ജയിച്ച് സിജു ബിരുദധാരിയായി. ബിരുദദാന ചടങ്ങിൽ അദ്ധ്യാപകർ സിജുവിനെ മാതൃകയാക്കാൻ കുട്ടികളോട് പറഞ്ഞു. എല്ലാ കുരുത്തക്കേടുകളും കാണിച്ചിട്ടും ഒന്നാം ക്ലാസ്സോടെ ബിരുദം നേടിയ സിജുവിനെ അവർ വാനോളം പുകഴ്ത്തി. "നീ ഈ ജന്മത്തിൽ ബി ടെക് പാസ്സാൻ പോകുന്നില്ല, അതിനുള്ള പണി ഞങ്ങൾ നിനക്ക് തരുന്നുണ്ട്, നീ അത്ര മിടുക്കനാണെങ്കിൽ അതൊന്ന് കാണട്ടെ...."എന്ന് പറഞ്ഞവരുടെ സ്തുതിഗീതങ്ങൾ കേട്ട് സിജു ഉള്ളിൽ ചിരിച്ചു.

കോളേജിലെ മൂന്നാം വർഷപഠനത്തിനിടെയാണ് പാട്ടിനും നൃത്തത്തിനും ഒപ്പനക്കും കഥാപ്രസംഗത്തിനും ഒക്കെ സ്കൂൾ തലം മുതൽ എന്നും ഒന്നാം സ്ഥാനം നേടിയിരുന്ന നായികയുടെ എൻട്രി. സ്കൂൾ കാലത്ത് രഞ്ജിഷ മത്സരത്തിനുണ്ടെങ്കിൽ പിന്നെ ഞങ്ങളില്ല എന്ന് വരെ കുട്ടികൾ പറഞ്ഞിരുന്നു എന്നത് പിന്നീടറിഞ്ഞ കഥ. സൗഹൃദത്തിൽ തുടങ്ങി പ്രണയത്തിലും പിന്നീട് വിവാഹത്തിലും എത്തിയ കഥയിലെ നായിക രഞ്ജിഷ ശശി ഇന്ന് എറണാകുളം ജി എസ് ടി വകുപ്പിൽ ഉദ്യോഗസ്ഥയാണ്.

ബിരുദപഠനകാലത്ത് പ്രണയനാടകങ്ങൾക്ക് ഇടം കൊടുക്കാതെ,

ജീവിതം ആസ്വദിക്കാൻ അവസരം പിറകേ എത്തും എന്ന കാത്തിരിപ്പോടെ കോളേജ് ജീവിതം പഠനത്തിനും സൗഹൃദങ്ങൾക്കും മാറ്റി വച്ചു ഇരുവരും.

ഡിഗ്രിക്ക് ശേഷം ഇൻഡസ്ട്രിയൽ ആട്ടോമേഷൻ ആൻഡ് റോബോട്ടിക്സിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ നേടാൻ കോഴിക്കോട് എൻ ഐ ടി യിൽ ചേർന്ന കാലമാണ് വിദ്യാഭ്യാസജീവിതത്തിലെ സുവർണകാലഘട്ടം എന്ന് സിജു. ബിരുദപഠന കാലത്ത് പഠിച്ചതൊക്കെ പ്രായോഗികമായി പരീക്ഷിക്കാനും അറിയാനും അറിവിന്റെ പുതിയ വാതിലുകൾ തുറന്ന് കാണാനും കിട്ടിയ അവസരം.എൻ ഐ ടി യിൽ പിജി ക്ലാസുകൾ നയിച്ചിരുന്നത് സയന്റിസ്റ്റ് പദവി നേടിയ അദ്ധ്യാപകരായിരുന്നു. അവരുടെ അദ്ധ്യാപന രീതികൾ, മികച്ച ലൈബ്രറി സംവിധാനങ്ങൾ... ഒടുവിൽ മൂന്നാം റാങ്കോടെ സ്വന്തമാക്കിയ പി ജി ഡിപ്ലോമ.

ഇനി വേണ്ടത് ഒരു ജോലിയാണ്. സിജു ബാങ്ക് ജോലിക്കുള്ള ശ്രമം തുടങ്ങി. ഐ ബി പി എസ് പരീക്ഷക്കുള്ള തയ്യാറെടുപ്പിൽ സിജുവിന്റെ കന്നിയങ്കം പരാജയമായി. പക്ഷേ അതൊരു പരിശീലനകളരി മാത്രമായിരുന്നു സിജുവിന്. പൊരുതാൻ തീരുമാനിച്ചവന്റെ മുന്നിൽ തുടർന്നുള്ള എട്ട് പരീക്ഷകളിൽ ഏഴെണ്ണവും മുട്ടുമടക്കി. സിജു തെരഞ്ഞെടുത്തത് ഇന്ത്യൻ ബാങ്കിലേക്കുള്ള നിയമനം. അപ്പോഴും മനസ്സിൽ തിളങ്ങി നിന്നത് ആർ ബി ഐ യുടെ ഗ്രേഡ് ബി പരീക്ഷ. അത് കൊണ്ട് മറ്റൊന്നിനും പിറകേ പോകേണ്ടെന്ന തീരുമാനവുമായി ഇന്ത്യൻ ബാങ്കിൽ തന്നെ ഒതുങ്ങുന്നതിനടിയിൽ പ്രണയസാഫല്യമായ വിവാഹം.

2015ൽ ബാങ്ക് ജീവിതം ആരംഭിക്കുന്നത് മാഹിയിൽ. ഒരു കൊല്ലത്തിന് ശേഷം തെലുങ്കാനയിലെ വാറങ്കലിലേക്ക്. അവിടെ നിന്നും എറണാകുളം സോണൽ ഓഫീസിലെത്തി ആറു കൊല്ലം ഐ ടി ഓഫീസറുടെ ചാർജിൽ. ഇപ്പോൾ കലൂർ ശാഖയിൽ.

എറണാകുളത്തെത്തിയതോടെ വീണ്ടും പഠനത്തിലേക്ക്. വിദൂരവിദ്യാഭ്യാസത്തിലൂടെ മനഃശ്ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം. ക്ലിനിക്കൽ സൈക്കോളജിയിൽ എം ഫിൽ നേടാനുള്ള തയാറെടുപ്പിലാണിപ്പോൾ. പഠനത്തിന് പുറമേ സ്കേറ്റിംഗ് പരിശീലനം, ശരീരസൗന്ദര്യ പരിപാലനം, ഫോട്ടോഗ്രാഫി, വീഡിയോ എഡിറ്റിംഗ്, നൃത്തപഠനം....അങ്ങനെ സിജു തിരക്കിലാണ്.

ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിൽ ആദ്യം മുതൽ സജീവമാണെങ്കിലും ആദ്യമായി സ്റ്റേജിൽ എത്തുന്നത് 2024ലെ കോട്ടയം മീറ്റിൽ ആണ്.

അന്നത്തെ പങ്കാളിത്തത്തിന് ലഭിച്ച പ്രോത്സാഹനം വല്ലാത്തോരൂർജം നൽകിയെന്നു സിജു. ആ ഊർജമാണ് എറണാകുളത്ത് മീറ്റ് നടത്താൻ മുൻകൈ എടുക്കാൻ സിജുവിനെ പ്രേരിപ്പിച്ചത്. എറണാകുളത്ത് ചെയ്ത സോളോ ഡാൻസ് കണ്ട് മനം നിറഞ്ഞവർ നൽകിയ കയ്യടി ഇന്നും കാതിൽ അലയടിക്കുന്നുണ്ടെന്ന് ണ്ടെന്ന് സിജു.

ടീ ബിക്ക് പുറമേ യൂണിയൻ പ്രവർത്തങ്ങളിലും സജീവമാണ് സിജു. ബാങ്കേഴ്സ് ക്ലബ് ഓഫ് ഗ്രേറ്റർ കൊച്ചിനിൽ ഗവേണിംഗ് ബോഡി അംഗം കൂടിയാണ് സിജു. അതിന്റെ തന്നെ ഭാഗമായ ദിവ ബീറ്റ്സിലെ പ്രധാന ഗായികയാണ് രഞ്ജിഷ. നല്ലൊരു നർത്തകിയായി പേരെടുത്ത രഞ്ജിഷ എറണാകുളത്ത് നിരവധി വേദികളിൽ തന്റെ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്.

പ്ലേ സ്കൂൾ വിദ്യാർത്ഥിനിയായ നാലര വയസ്സുകാരി ജൂൺ എസ് രാജ്, ജീവിതസഖി രഞ്ജിഷ എന്നിവർക്കൊപ്പം എറണാകുളം എളംകുളത്ത് ബാങ്കിന്റെ ക്വാർട്ടേഴ്സിൽ താമസിക്കുമ്പോഴും അവധി കിട്ടിയാൽ മകളെ നാട്ടിൽ എത്തിക്കും സിജു. മകൾ മണ്ണിന്റെ മണം ആസ്വദിച്ചു വളരണം എന്ന ആഗ്രഹത്തോടെ.

നാട്ടിൽ പി ഡബ്ല്യൂ ഡി യിൽ ജോലി ചെയ്യുന്ന സഹോദരൻ സജു പി രാജ്, കൊല്ലം റോസ് ഡയിൽ സ്കൂളിലെ കമ്പ്യൂട്ടർ അധ്യാപികയായ ജ്യേഷ്ഠഭാര്യ കാർത്തിക, മക്കൾ പ്രിധവ് സജു, പ്രാർത്ഥന സജു, അമ്മ ഇവരൊക്കെ കൊല്ലത്തായത് കൊണ്ട് ഒന്നിലധികം ദിവസം അവധി ഉണ്ടായാൽ സിജു കൊല്ലത്ത് പറന്നെത്തും. ഗ്രഹാതുരത്വം അത്രയേറെ മനസ്സിൽ കൊണ്ട് നടക്കുന്ന സിജുവിന് വരും നാളുകളിൽ ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിന് വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ആഗ്രഹം ഉണ്ട്. അതിലൂടെ ടി ബി യുടെ അടുത്ത തലമുറയുടെ വാഗ്ദാനമായി സിജു മാറട്ടെ എന്ന് ടി ബി കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

---------------------------------------------------------------------------------------------------

There is a quote that those who have read Paulo Coelho will never forget. "When you want something, all the universe conspires in helping you to achieve it”

There is an artist whose outlook on life is that once you set your mind to something, no force in the world can stop you.

Today's TB of the week is that talented person who approached Anand, Ranjith and Arun trio saying that there should be a meet of the Ernakulam chapter after the TB Meet, Kottayam and he showed his exceptional organisational skills in arranging that Chapter meet along with Rose Mary.

Siju P Raj,
Indian Bank,
Kaloor Branch.

He is the younger son of late N Pushparajan, who was an official in the Education Department, Muscat, and V Suja, who retired from the Kerala State Public Works Department. He hails from Mayyanad, a small town in Kollam District . He completed his higher secondary education from Sree Narayana Public School, Kollam and graduated in B. Tech from Younus College of Engineering, Kollam.

During his school days, Siju was not active in any artistic activities. The only wish he told his father was that he wanted a skating shoe. Due to his persistent request, his father bought one for him. Since the skill was not so popular, he did not get proper training. But even in childhood, Siju proved that one can achieve anything if one has willpower and perseverance. Not only that, Siju also managed to train his elder brother's son Prithav in skating and made him a gold medalist for the past four years in Kollam. Siju also trained his brother’s daughter Prarthana, who won the gold medal in the junior category. Siju gets emotional when he says that he was able to accomplish the wishes that he could not achieve through them.

His engineering college period was eventful. At that time, the students pretended not to see many of the injustices of the college management and even if they had seen , they were too afraid to react. As a third year student, Siju planted the seeds of politics in college. The credit of igniting the first strike in the college through opposing the management goes to Siju.

Siju became defiant and rude in front of the college authorities and teachers and got excluded from internal exams. He was also suspended from the college. Due to the lack of internal marks, about twenty papers were lying in tatters by the time he reached the final year.

Obstinacy and persistence helped Siju rise like a phoenix. By the end of the last semester, Siju passed all the papers with first class and graduated. At the graduation ceremony, the teachers asked the children to emulate Siju. There was full of praise from the teachers, for Siju, who graduated with first class despite showing all the inconsistencies. "You are not going to pass B Tech in this life. Let’s see if you’re so smart." Siju laughed inside on remembering the words which teachers have passed on to him previously.

It was during the third year of college that the heroine, who had always won the first place in the school level for singing, dancing, acting and storytelling, made her entry. It is a story that he had learned later that the children even hesitated to participate in the events that Renjisha was going to compete. Renjisha Sasi, the heroine of the story, who started off as a friend to Siju has soon became his lover and then wife, is now working an officer in the GST department, Ernakulam.

Both of them put aside their college life for studies and friendships, without leaving room for romantic dramas during graduation.

After his degree, he joined NIT Kozhikode to pursue a Post Graduate Diploma in Industrial Automation and Robotics. This gave Siju an opportunity to test and learn practically what was learned during graduation and to open new doors of knowledge. In NIT, PG classes were conducted by the teachers who obtained the status of scientist. Their teaching methods, excellent library systems made Siju to obtain PG Diploma with 3rd rank.

Situation came when all that was needed was a job. Siju started trying for bank job. Siju's first attempt failed in preparation for IBPS exam. But it was only a training ground for Siju. Seven of the next eight tests were bowed before the one determined to fight. Siju opted for appointment to Indian Bank. The RBI's Grade B exam still flashed in his mind. With the decision not to go behind anything else and decided to get confined himself to the Indian Bank, he got married to his love Renjisha

In 2015, his banking career started in Mahi. After a year he moved to Warangal in Telangana. From there he reached Ernakulam zonal office and was in charge of IT officer for 6 years. at present, he is at Kaloor branch.

After reaching Ernakulam he decided to get back to studies. He took Master's Degree in Psychology through Distance Education. He is now preparing to get an M Phil in Clinical Psychology. Apart from studies, Siju is busy with skating training, bodybuilding photography, video editing and dance classes.

Although he was active in the Talented Bankers group since the beginning, his first stage performance was at the 2024 Kottayam meet.
Siju said that the encouragement received for participation on that day gave a lot of energy. It was that energy that prompted Siju to take the initiative to hold the meet in Ernakulam. Siju said that the applause given by the people with their full heart after seeing his solo dance performed in Ernakulam is still ringing in his ears.

Apart from T B, Siju is also active in union activities. Siju is also a governing body member of the Bankers Club of Greater Kochi. Renjisha is the lead singer of Diva Beats which is part of it. Renjisha is known as a good dancer and has performed her dance at many venues in Ernakulam.

Siju is living along with his daughter June S Raj and life partner Renjisha in the bank's quarters in Ernakulam. With the wish that her daughter should grow up enjoying the smell of the soil, they won’t miss any chance of going to hometown during holidays.

Siju’s brother Saju P Raj is working in PWD, Kollam and his wife Karthika is a computer teacher at Rose Dale School, Kollam. The couple have two children Prithav Saju and Prarthana Saju. They all stay in Kollam along with Siju’ mother. So Siju tries to go to his hometown whenever he gets continuous holidays. Siju wants to do a lot of things for Talented Bankers Group in the coming days. Through this, the TB family sincerely wishes that Siju becomes the promise of the next generation of TB.